## പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2057** **17.02.2016-ൽ മറുപടിയ്ക്ക്**

## ഇന്ധന സർചാർജ്ജ്.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ :<br>ശ്രീ. കെ. രാജു :<br>ശ്രീ. കെ. അജിത് :<br>ശ്രീ. ജി. എസ്. ജയലാൽ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) 2014 ജൂലൈ ഒന്നു മുതൽ 2015 മാർച്ച് 31 വരെ ഇന്ധന സർചാർജ്ജ് ഇനത്തിൽ വൈദ്യുതി ബോർഡിന് എത്ര തുക പിരിഞ്ഞു കിട്ടാനുണ്ട് ; ഈ തുക പിരിച്ചെടുക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) ഇന്ധന സർചാർജ്ജ് റെഗുലേഷൻ - 2010 ന വിധേയമായി ഈ കാലയളവിൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച വിവിധ സ്രോതസ്സുകളിൽ നിന്നും വൈദ്യുതി വാങ്ങിയ ഇനത്തിൽ ഇന്ധന വിലയിലുണ്ടായ വ്യതിയാനം മൂലമുണ്ടായ അധിക ബാധ്യതയായ 123.30 കോടി രൂപ ഇന്ധന സർചാർജ്ജായി ഈടാക്കാൻ അനുവദിക്കണമെന്നാവശ്യപ്പെട്ട് കെ.എസ്.ഇ.ബി ലിമിറ്റഡ് , സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.<br>കെ. എസ്. ഇ. ബി. ലിമിറ്റഡിനുണ്ടായ അധിക ബാധ്യതയായ 123.30 കോടി രൂപ 23.12.2015 ലെ ഒറ്റ ഉത്തരവിലൂടെ ഇന്ധന സർചാർജ്ജായി കമ്മീഷൻ അംഗീകരിച്ചെങ്കിലും, ഉപഭോക്താക്കളിൽ നിന്നും ഈ തുക ഈടാക്കാനുള്ള അനുമതി ടി ഉത്തരവിലൂടെ നൽകിയില്ല. |
| (ബി) ഇന്ധന സർചാർജ്ജിന്റെ പേരിൽ സംസ്ഥാനത്ത് വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കുന്നതിനുള്ള സാദ്ധ്യതയുണ്ടോ ; ഉണ്ടെങ്കിൽ എന്നു മുതൽ വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ? | (ബി) ഇന്ധന സർചാർജ്ജിന്റെ പേരിൽ വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ.**